## ഓട് വ്യവസായത്തിലെ തൊഴിലാളികൾക്കുള്ള മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി

79 [1284] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓട് വ്യവസായത്തിലെ തൊഴിലാളികൾക്കുള്ള മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഓട്ടുകമ്പനി തൊഴിലാളികളുടെ മിനിമം കൂലി അവസാനമായി പുതുക്കി നിശ്ചയിച്ചതെന്നാണ് ;

(സി) നിലവിലുള്ള മിനിമം കൂലി എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ജീവിതനിലവാര സൂചികയനുസരിച്ച് ഓട്ടുകമ്പനി തൊഴിലാളികളുടെ കൂലി വളരെ കുറവാണെന്നത് കണക്കിലെടുത്ത് ഈ തൊഴിലാളികൾക്ക് ഹെയർ വേജസ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഓട് വ്യവസായത്തിലെ തൊഴിലാളികൾക്കുള്ള മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഓട് വ്യവസായത്തിലെ തൊഴിലാളികളുടെ മിനിമം കൂലി അവസാനമായി പുതുക്കി നിശ്ചയിച്ചത് 2000 ജൂൺ 21-ലെ 2184/2000/തൊഴിൽ നമ്പർ വിജ്ഞാപനം അനുസരിച്ചാണ്.

(സി) ടി വിജ്ഞാപനം അനുസരിച്ച് ഏറ്റവും കൂടിയ അടിസ്ഥാന വേതനം 74 രൂപയും കുറഞ്ഞത് 72 രൂപയും ആണ്.

(ഡി) മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയ ഭൂരിപക്ഷം മേഖലകളിലും മിനിമം കൂലിയാണ് നൽകുന്നത്. ഹെയർ വേതനം നൽകുന്നത് സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly